PROCEEDINGS OF
THE KERALA LEGISLATIVE ASSEMBLY

Second Session—1969

(Second Meeting)

Wednesday, the 8th October 1969

Vol. XXV] OFFICIAL REPORT [No. 20

The Assembly met in the Assembly Chamber, Trivandrum, at Eight of the Clock on Wednesday, the 8th October 1969, with Mr. Dy. Speaker in the Chair.

QUESTIONS AND ANSWERS

(The number within brackets indicates the number in the list of admitted questions for the session.)

ORAL ANSWERS

മലയാളി കുടിയിടപ്പുകാർ

* 235. [839] ശ്രീ. പി. പി. കുഞ്ഞൻ
,, സി. ബി. ചന്ദ്രശേഖരൻനായർ
,, ടി. കെ. രാമകൃഷ്ണൻ
,, വി. വി. ദക്ഷിണാമൂർത്തി
,, എസ്സ്. ഭരതൻ
,, ഇ. ബാലാനന്ദൻ
,, സി. കെ. ബാലകൃഷ്ണൻ
,, ആർ. കൃഷ്ണൻ (പാലക്കാട്)
,, സി. ഗോവിന്ദപ്പണിക്കർ
,, എ. എസ്സ്. എൻ. നമ്പീശൻ
,, വി. എസ്സ്. അച്യുതാനന്ദൻ
,, എ. പി. കുര്യൻ

} താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ മന്ത്രി സദയം മറുപടി നൽകുമോ :

(എ) തമിഴ്നാട് സംസ്ഥാനത്തു് ഇരുപ്പിൽ താമസക്കാരായ മലയാളി കുടിയിടപ്പുകാരിൽ രണ്ടായിരത്തിലധികം പേർക്ക് സ്ഥലമൊഴിഞ്ഞു പോകാൻ തമിഴ്നാട് ഗവണ്മെന്റും പൊട്ടീസും നിർബന്ധിതരായുള്ള വാർത്ത ഗവണ്മെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ വെളിപ്പെടുത്തുമോ ?

റവന്യൂമന്ത്രി (ശ്രീമതി കെ. ആർ. ഗൗരി):

(എ) (ബി) മലയാളി കുഡിയിരുപ്പുകാരെ കുടിയൊഴിപ്പിക്കുന്നതു സംബന്ധിച്ച് നടപടി എടുത്തു വരുന്നതായി അറിഞ്ഞിട്ടുണ്ട്. രണ്ടായിരത്തിലധികം പേർ ഉണ്ടോ എന്നറിയുകയില്ല. വളരെക്കുറച്ചുപേർ മലയാളി കുടിയേറ്റക്കാരുടെ കൈവശമുണ്ടെന്നാണ് അറിയുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. രാമകൃഷ്ണൻ : ഇതിനെ സംബന്ധിച്ച് തമിഴ്നാട് ഗവണ്മെന്റുമായി എഴുത്തുകുത്തുകളും നടത്തിയിട്ടോ നേരിട്ട് സംസാരിച്ചോ നിശ്ചിതമായ എന്തെങ്കിലും നടപടി ഉണ്ടാകുമെന്ന പ്രതീക്ഷയുണ്ടോ ; ഇല്ലെങ്കിൽ കുറെക്കൂടി ശക്തിയായ നടപടികളെടുക്കുമോ ?

ശ്രീമതി കെ. ആർ. ഗൗരി : മദ്രാസ് ഗവണ്മെൻറാണ് നടപടികളെടുക്കുന്നത്. നമുക്ക് ശക്തിയായ നടപടികളും എടുക്കാൻ പറ്റുമോ എന്നറിയുകയില്ല. ഗവണ്മെൻറിനു് ഇതിനെപ്പറ്റി കൃഷിക്കാരിൽനിന്നു കിട്ടിയ വിവരത്തിന്റെയും ഇതുപോലെതന്നെ ശ്രീ. രാമുണ്ണിക്കു കിട്ടിയ കമ്പി അയച്ചുകിട്ടിയതിന്റെയും അടിസ്ഥാനത്തിൽ ഉടൻതന്നെ മദ്രാസ് മുഖ്യമന്ത്രിക്കു് അവിടത്തെ സ്ഥിതിഗതികളെ വിവരിച്ചുകൊണ്ട് ഒരു എഴുത്തെഴുതുകയുണ്ടായി. ഞാൻ മദ്രാസ്സിൽ പോയപ്പോഴും അദ്ദേഹവുമായി നേരിൽക്കണ്ട് സംസാരിക്കാമെന്ന പ്രതീക്ഷിച്ചിരുന്നു. പക്ഷേ അതിനു സാധിച്ചില്ല. പിന്നെയും കൃഷിക്കാരുടെ പ്രതിനിധികളും വന്നുകണ്ട് അവിടത്തെ സ്ഥിതിഗതികളും ഭീകരമാണെന്നു പറഞ്ഞിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ ഇവിടത്തെ റവന്യൂ സെക്രട്ടറിയെക്കൊണ്ട് അവിടത്തെ റവന്യൂ സെക്രട്ടറിയുമായി ഫോണിൽ ബന്ധം പുലർത്തുകയും വിവരം ആരായുകയും ചെയ്തിട്ടുണ്ട്. അപ്പോഴും അറിയാൻ കഴിഞ്ഞത് പുതുതായുള്ള ആളുകളെ മാത്രമേ ഒഴിപ്പിക്കുന്നുള്ളൂ, പഴയ ആളുകളെ ഒഴിപ്പിക്കുന്നില്ല എന്നാണു്. ഇതായിരുന്നു മറുപടി. പഴയ ആളുകളെയല്ല ഒഴിപ്പിക്കുന്നതെന്ന ധാരണയിലായിരിക്കുമ്പോഴും പിന്നെയും കർഷകസംഘം പ്രതിനിധികളും വന്നു് പഴയ ആളുകളെയും ഒഴിപ്പിക്കുന്നു എന്നു് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ റവന്യൂ സെക്രട്ടറി എഴുത്തു് എഴുതുകയുണ്ടായി. അതിനുശേഷം നിയമസഭയിൽ നടന്ന ചർച്ചയുടെ അടിസ്ഥാനത്തിൽ ഞാൻ പിന്നെയും ഒരു റിമൈൻഡർ എഴുതിയിട്ടുണ്ട്. മദ്രാസ് മുഖ്യമന്ത്രിയിൽനിന്നും ഇതുവരെ മറുപടിയൊന്നും കിട്ടിയിട്ടില്ല.

ശ്രീ. ടി. കെ. രാമകൃഷ്ണൻ : പഴയ ആളുകളെത്തന്നെ പുതിയ ആളുകളെന്ന നിലയ്ക്കു ഒഴിപ്പിക്കുവാൻ അവർക്കു കഴിയും. അതുകൊണ്ടു് പുതിയതു് പഴയതു് എന്ന വ്യത്യാസമില്ലാതെ നടപടികളും നടത്തണം. അവിടെ പുതിയതായി താമസിച്ചവർ ഉണ്ടാകാനിടയില്ല. മിക്കവാറും പഴയ ആളുകളും തന്നെയാണു്. അതുകൊണ്ടു് ഈ വിശേഷനാധികാരം അവർക്കുതന്നെ വിട്ടുകൊടുക്കാതെ ഒരു സംയുക്തമായ ചർച്ചയുടെ അടിസ്ഥാനത്തിൽ ഇതിനൊരു അവസാനതീരുമാനം എടുക്കണമെന്നു് ആ ഗവണ്മെൻറിനെ അറിയിക്കുവാൻ ദയവുണ്ടാകുമോ ?

ശ്രീമതി കെ. ആർ. ഗൗരി : ഇത്തരം ആ പ്രദേശത്തുണ്ടായിട്ടുള്ള സംഘർഷാവസ്ഥ മറ്റു പ്രദേശങ്ങളിലേയ്ക്കുകൂടി വ്യാപിക്കാൻ സാദ്ധ്യതയുണ്ടെന്നുള്ള വിവരം അവിടത്തെ ഗവണ്മെൻറിനെ അറിയിച്ചിട്ടുണ്ട്. സംസ്ഥാന ഗവണ്മെൻറു് ന്യായമായ തീരുമാനം എടുക്കണമെന്നും മറിച്ചൊരു തീരുമാനം എടുക്കരുതെന്നും പറഞ്ഞിട്ടുണ്ട്. ഞാൻ മനസ്സിലാക്കിയതു് സിലോണിൽനിന്നും വരുന്ന ആളുകളെ റീഹാബിലിറേറ്റു ചെയ്യാൻ സൗകര്യമുണ്ടാക്കുന്നതിനുവേണ്ടിയാണു് തമിഴ്നാട്ടിലുള്ള കുടുംബങ്ങളെ ഒഴിപ്പിക്കുന്നതെന്നാണു്. ഏതായാലും സംയുക്തമായ ഒരു കമ്മിറ്റി വേണമെന്നു് ഗവണ്മെൻറു് ആവശ്യപ്പെട്ടിട്ടില്ല. അങ്ങനെ ഓഫർ ഹാൻഡ്ഓയി ആവശ്യപ്പെടുന്നതു് ശരിയാണോ എന്നും അറിയുകയില്ല. ഗ്രഡല്ലൂർ പണ്ടു് മലബാറിന്റെ ഭാഗമായിരുന്നതുകൊണ്ടു് ആ പ്രദേശത്തു് വളരെയധികം തമിഴർ കുടുംബങ്ങൾ താമസിക്കുന്നുണ്ടു്. അങ്ങനെയുള്ള ആളുകളെ ഒഴിപ്പിക്കുന്നതിലുള്ള ബുദ്ധിമുട്ടുകളെപ്പറ്റി നേരിട്ടു സംസാരിക്കുന്നതിനു് അസംബ്ലി സെഷൻ നടക്കുന്നതുകൊണ്ടു് സാധിച്ചില്ല. ഏതായാലും അതെങ്കിലുംപോയി സംസാരിക്കാനുള്ള നടപടികളെടുക്കാം.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. അഹമ്മദ് : ആരെങ്കിലും പോകുന്നതിനു പകരം ബഹുമാനപ്പെട്ട മന്ത്രിതന്നെ തമിഴ്നാട് മുഖ്യമന്ത്രിയെ കാണുന്നതിന് ശ്രമിക്കാമെന്നു പറഞ്ഞിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ തമിഴ്നാട് മുഖ്യമന്ത്രിയെയും റവന്യൂമന്ത്രിയേയും നേരിൽ കാണുന്നതിനും കൂടിയാലോചന നടത്തുന്നതിനും ശ്രമിക്കുമോ ?

ശ്രീമതി കെ. ആർ. ഗൗരി : ഇവിടത്തെ പ്രത്യേക പരിതഃസ്ഥിതിയിലാണ് പോകരുതെന്ന് പറഞ്ഞത്. രണ്ടു ദിവസത്തിനകം പോകാൻ കഴിയുമോ എന്നു പറയാൻ പറ്റുകയില്ല.

ശ്രീ. കെ. കരുണാകരൻ : അടുത്തകാലത്തായി നമ്മുടെ അയൽസംസ്ഥാനങ്ങളിൽനിന്നും മലയാളികളായ കുടുംബങ്ങളെ ഒഴിപ്പിക്കുന്നതിനുള്ള ഒരു പ്രവണത യുണ്ടായിട്ടുണ്ട്. കന്യാകുമാരി മൈസൂരിലും ഉണ്ടായിരുന്നു. ഈ സംഘർഷം കണക്കിലെടുത്തുകൊണ്ട് ഈ മൂന്നു സംസ്ഥാനങ്ങളിലേയും മന്ത്രിമാർ തമ്മിൽ കൂടിയാലോചിക്കുന്നതിനു മുൻകൈയെടുക്കുകയോ അല്ലെങ്കിൽ കേന്ദ്രത്തെ സമീപിച്ച് ഈ നടപടി നിർത്തൽചെയ്യാൻ ആവശ്യപ്പെടുകയോ ചെയ്യുമോ; ഇന്നത്തെ പ്രത്യേക സാഹചര്യം അതിനു ബാധകമല്ലെന്നുള്ളതിന്റെ അടിസ്ഥാനത്തിൽ അതിനു മുൻകൈയെടുക്കുമോ ?

ശ്രീമതി കെ. ആർ. ഗൗരി : അതിനൊരു ബുദ്ധിമുട്ടുള്ളതു് ഇതാണ്. നമുക്കു് ഒരു സതേൺ സോണൽ കമ്മിറ്റിയുണ്ട്. നമ്മുടെ മുഖ്യമന്ത്രി ഇവിടെ ഇല്ലാത്തതുകൊണ്ട് അടുത്തകാലത്തായി ആ സോണൽ കമ്മിറ്റി മാറിവച്ചിരിക്കുകയാണ്. അതല്ലായിരുന്നുവെങ്കിൽ ഈ വിവരം സോണൽ കമ്മിറ്റിയിൽ റെയിസ് ചെയ്യുമായിരുന്നു. അതുകൊണ്ടാണ് സംസ്ഥാന ഗവണ്മെന്റുമായി കൂടിയാലോചിക്കുന്നതിനുള്ള നടപടികളെടുക്കുന്നതു്. എന്തായാലും മറ്റു സംസ്ഥാനങ്ങളിലുള്ള മലയാളി കൃഷിക്കാരുടെ ബുദ്ധിമുട്ടുകൾ എങ്ങനെ പരിഹരിക്കാമെന്നുള്ളതിനെ സംബന്ധിച്ച് മദ്രാസ് ഗവണ്മെന്റുമായി കൂടിയാലോചിക്കുന്നതിനുള്ള നടപടികളെടുക്കാം. കേന്ദ്രത്തെ ഇടപെടുവിക്കുന്ന പ്രശ്നമില്ല സംസ്ഥാനങ്ങൾ തമ്മിൽ തീരുമോ എന്നു നോക്കട്ടെ.

ശ്രീ. എസ്. ദാമോദരൻ : കേരളം ഗവണ്മെന്റു് മദ്രാസ് ഗവണ്മെന്റുമായി ഇക്കാര്യത്തിൽ സൗഹാർദ്ദപൂർവ്വമായി ഇടപെട്ടാലും മദ്രാസ് ഗവണ്മെന്റു് മലയാളികളോടു് സൗഹാർദ്ദരഹിതമായിട്ടുള്ള നിലപാടാണു് തുടരുന്നതെങ്കിൽ അതിനെ നേരിടുന്നതിനുവേണ്ടി ഈ ഗവണ്മെന്റു് എന്തൊക്കെ നടപടികളാണു് ഉദ്ദേശിക്കുന്നതു് ?

ശ്രീമതി കെ. ആർ. ഗൗരി : മറ്റു ഗവണ്മെന്റിനെ നേരിടാൻ എന്തെല്ലാം നടപടികളാണെടുക്കേണ്ടതെന്നുള്ളതു് നിയമസഭയിൽ ചർച്ചചെയ്യുന്നതു് എന്തായാലും ശരിയായിരിക്കുകയില്ല.

ശ്രീ. കെ. എം. ജോർജ്ജ് : ഗ്രഡല്ലൂരിലെ മലയാളികളായ കുടിപാർപ്പുകർഷകർ വളരെയധികം കാലമായി താമസിക്കുന്നവരാണെന്നു മാത്രമല്ല അവരെല്ലാം വില കൊടുത്തു വസ്തുവാങ്ങി താമസിക്കുന്നവരാണെന്നും അറിയുന്നതിന്റെ അടിസ്ഥാനത്തിൽ അടുത്തകാലത്തു താമസമാക്കിയവരാണെന്നുള്ളതിന്റെ മുകളിൽ ഒഴിപ്പിക്കപ്പെടാതിരിക്കുവാൻ കഴിയുകയില്ല എന്നു വ്യക്തമായ ഫോണിലെങ്കിലും സമ്പർക്കം പുലർത്തിയിട്ട് മറ്റെന്തെങ്കിലും കാരണവശാലും ഒഴിപ്പിക്കപ്പെടരുതെന്ന നിലയിൽ നടപടികളെടുക്കാൻ ഗവണ്മെന്റു് എന്താണു് തയ്യാറാകാത്തതു് ?

ശ്രീമതി കെ. ആർ. ഗൗരി : ഫോണിൽ സമ്പർക്കം പുലർത്തിയതിന്റെ കാര്യം ഞാൻ നേരത്തെ പറഞ്ഞുകഴിഞ്ഞു. അവിടത്തെ റവന്യൂ സെക്രട്ടറി മലയാളിയായ ശ്രീ. പി. കെ. നമ്പ്യാരാണു്. അദ്ദേഹത്തെ ഫോണിൽ സംസാരിച്ചു. അപ്പോൾ പുതിയതായി കൈയേറിയ ആളുകളെയാണു്

ക്കുന്നത്" എന്നു പറഞ്ഞതു". അതു ഗവണ്മെൻറു ഭൂമിയാണു" വിലയ്ക്കു വാങ്ങിയതാണോ അല്ലയോ എന്നു" എനിക്കറിയുകയില്ല. ഗവണ്മെൻറു ഭൂമിയിൽ താമസിക്കുന്ന ആളുകളെ വിറ്റുപോയപ്പോഴും വാങ്ങിച്ചിട്ടുള്ളതാണോ എന്നറിയുകില്ല. പുതിയ ആളുകളെ മാത്രമല്ല എന്നുള്ളതു" ഒരു യഥാർത്ഥ്യമാണു". പുതിയ ആളുകളെ ഒഴിപ്പിക്കുകയുണ്ടായില്ലേ എന്നു ചോദിച്ചാൽ ഞാൻ നിഷേധിക്കുകയോ അനുകൂലിക്കുകയോ ചെയ്യുന്നില്ല. ഇതിനെ സംബന്ധിച്ചിടത്തോളം രണ്ടു" എഴുത്തുകളും എഴുതിയിട്ടുണ്ടു". ഇതുവരെ യാതൊരു മറുപടിയും കിട്ടിയിട്ടില്ല. നേരിൽക്കണ്ടു" സംസാരിക്കുന്നതിനുള്ള നടപടികളും എടുക്കുന്നതാണു".

ശ്രീ. ആർ. കൃഷ്ണൻ (പാലക്കാടു"): മദ്രാസു" മന്ത്രി ശ്രീ. നെടുഞ്ചെഴിയൻ അടുത്തകാലത്തായി പാലക്കാടു" വന്നപ്പോൾ കൈയേറക്കാരായ എല്ലാപേരേയും ഒഴിപ്പിക്കുമെന്നും ആവശ്യമാണെങ്കിൽ മറ്റൊരു തെങ്കിലും സ്ഥലം കൊടുക്കുന്ന കാര്യം ആലോചിക്കാമെന്നും പത്രപ്രതിനിധികളോടും രാഷ്ട്രീയ പ്രവർത്തകരോടും പറഞ്ഞിട്ടുള്ളതിനെ സംബന്ധിച്ചു" ഗവണ്മെൻറിനു വല്ല വിവരവുമുണ്ടോ ?

ശ്രീമതി കെ. ആർ. ഗൗരി : ഗവണ്മെൻറിനു യാതൊരു വിവരവുമില്ല.

ശ്രീ. എം. എം. തോമസു": കൈയേറക്കാർ ആണെന്നു" മദ്രാസു" മന്ത്രി പറഞ്ഞിട്ടുള്ളതു" യാഥാർത്ഥ്യമല്ല. ഗ്രോ മോർ ഫുഡു" സ്കീം അനുസരിച്ചുകൊടുത്തിട്ടുള്ള ഭൂമിയാണെന്നും അവർ വോട്ടേഴ്സു" ലിസ്റ്റിൽ പേരുള്ളവരാണെന്നും, റേഷൻകാർഡു" ഉള്ളവരാണെന്നും മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ടു". അതുകൊണ്ടു" പുതിയതായി കൈയേറിയവരാണെന്ന വാദം അർത്ഥമില്ലാത്തതാണെന്ന മനസ്സിലാക്കി ബഹുമാനപ്പെട്ട മന്ത്രി ആ സ്ഥലം ഒന്നു സന്ദർശിക്കുകയും യഥാർത്ഥ്യം മനസ്സിലാക്കുകയും ചെയ്യുന്നതിനുവേണ്ടി മദ്രാസു" ഗവണ്മെൻറുമായി സമ്പർക്കം പുലർത്താമോ ?

ശ്രീമതി കെ. ആർ. ഗൗരി : That is supplying information. എനിക്കു" അതിനെപ്പറ്റി വിവരമില്ല. പിന്നെ മദ്രാസു" ഗവണ്മെൻറിന്റെ ഇതുപോലെയുള്ള സ്ഥലങ്ങളും നാം നേരെപോയി സന്ദർശിക്കുന്നതു" ശരിയായിരിക്കുമെന്നു തോന്നുന്നില്ല. അവരുമായി ആലോചിച്ചതിനുശേഷം ആണു" മറ്റു നടപടികളിലേയ്ക്കു പോകേണ്ടതു".

ശ്രീ. കെ. ടി. ജേക്കബ്ബു" : ഗ്രൂഡല്ലൂർ സംവേത്തിന്റെ ഒരു പ്രതിധ്വനി യെന്നുള്ള നിലയിൽ നമ്മുടെ സംസ്ഥാനത്തു" പ്രത്യേകിച്ചും കോട്ടയം ജില്ലയുടെ കിഴക്കൻ പ്രദേശങ്ങളിൽ മലയാളികളുടെ ആഭിമുഖ്യത്തിൽ പ്രതിഷേധ യോഗങ്ങളും മറ്റും നടന്നുവരുന്നതായും ആ യോഗങ്ങളിൽ ഒരുതരം അനാശാസ്യമായ വികാരങ്ങളും ഇളക്കിവിടുന്നതായും അറിയുന്നു. അതു ശരിയല്ലെന്നുള്ളതുകൊണ്ടു" അതിനുള്ള നടപടികളും നമ്മുടെ സംസ്ഥാനത്തു" നിയന്ത്രിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ശ്രീമതി കെ. ആർ. ഗൗരി : ഇടയ്ക്കു ഇതുപോലെ തമിഴു", മലയാളി എന്നുള്ള വികാരങ്ങളുടെ അടിസ്ഥാനത്തിൽ സംഘർഷാവസ്ഥ ഇവിടെ ഉണ്ടായിട്ടുണ്ടു". അങ്ങനെ ഉണ്ടാകാതിരിക്കാനുള്ള കാരണങ്ങളെപ്പറ്റി രണ്ടു സംസ്ഥാനങ്ങളും കൂടിയാലോചിക്കണമെന്നു പറഞ്ഞിട്ടുണ്ടു". കേരളത്തിലെ ജനങ്ങളും അങ്ങനെയുള്ള വികാരങ്ങളും ഇളക്കിവിടരുതു". ഈ ഗവണ്മെൻറിനെ സംബന്ധിച്ചിടത്തോളം, തമിഴർ, മലയാളികളു എന്നുള്ള വിധത്തിലുള്ള വികാരങ്ങളും ഇളക്കിവിടുന്നതിനുള്ള സംരംഭത്തിനു ഒരു വിധത്തിലും കൂട്ടുനിൽക്കുകയില്ല.

ശ്രീ. കെ. ഐ. രാജൻ: ബഹുമാനപ്പെട്ട ഉടുമ്പൻചോല മെമ്പർ പറഞ്ഞതുപോലെ ദേവികുളം, പീരുമേടു", ഉടുമ്പഞ്ചോല മുതലായ സ്ഥലങ്ങളിൽ താമസിക്കുന്ന തമിഴരും മലയാളികളും തമ്മിൽ നീണ്ടകാലങ്ങളായി നിലനിന്നുവന്ന സൗഹൃദത്തിനു" ഒരു ഉടച്ചിൽ സംഭവിച്ചിട്ടുണ്ടു", ആരുടെയും പ്രേരണകൊണ്ടല്ലെങ്കിലും,

LIBRARY ARCHIVES Kerala Legislative Assembly

എങ്കിലും അതിന്റെ പിന്നിൽ ഒരു ശക്തി പ്രവർത്തിക്കുന്നുണ്ടെന്നുള്ളതു് മനസ്സിലാക്കി ഏറ്റവും ഗുരുതരമായ ഒരു പ്രശ്നമാണു് ഇതെന്നുള്ള നിലയിൽ സെൻട്രൽ കൗൺസിലിൽ ഇതു് അവതരിപ്പിക്കുകയോ ഗവണ്മെന്റു് ആഫ് ഇൻഡ്യയുടെ ഒരു കമ്മിറ്റിവഴി പരിഹാരം കാണുകയോ ചെയ്യാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ശ്രീമതി കെ. ആർ. ഗൗരി: ഇതിനെല്ലാം ഞാൻ മുമ്പു മറുപടി പറഞ്ഞിട്ടുണ്ടു്.

ശ്രീ. കെ. കെ. അബു: ഏതാനും ദിവസങ്ങൾക്കുമുമ്പു് 7 കുടുംബങ്ങളെ സൗത്തു വയനാടിനോടു തൊട്ടുകിടക്കുന്ന ഗ്രഡല്ലൂർ താലൂക്കിൽനിന്നു് ഒഴിപ്പിക്കുകയുണ്ടായി. പത്തും പതിനഞ്ചും ഇരുപതും വർഷമായി താമസിക്കുന്നവരാണു്. പുതിയ ആളുകളെ മാത്രമേ ഒഴിപ്പിച്ചിട്ടുള്ള എന്നു പറയുന്നതു് സത്യവിരുദ്ധമാണു്. ആ നില പരിഗണിച്ചുകൊണ്ടു് സംയുക്തമായി ഒരു കമ്മിറ്റിയെ എടുക്കുന്നതിനു് എന്തെങ്കിലും തടസ്സമുണ്ടെങ്കിൽ കേന്ദ്രഗവണ്മെന്റിനോടു് ഒരു കമ്മീഷനെ നിയമിക്കാൻ ആവശ്യപ്പെടുമോ?

ശ്രീമതി കെ. ആർ. ഗൗരി: ആലോചിച്ചിട്ടേ മറുപടി പറയാൻ പറ്റുകയുള്ളു.

ശ്രീ. കെ. കരുണാകരൻ: ഈ പ്രശ്നത്തിന്റെ ഗൗരവവും അടിയന്തിരസ്വഭാവവും പരിഗണിച്ചു് ഉടനടി ഒരു പരിഹാരം കണ്ടുപിടിക്കാൻവേണ്ടി ആവശ്യമാണെങ്കിൽ ഒന്നോരണ്ടോ ദിവസം ഈ നിയമസഭതന്നെ നിറുത്തിവച്ചു് പരിശ്രമിക്കുമോ?

ശ്രീമതി കെ. ആർ. ഗൗരി: നിയമസഭ നിറുത്തിവയ്ക്കേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. ശനിയും ഞായറുമെല്ലാം നിയമസഭ ഒഴിവാണു്. ഇതുവരെ എനിക്കു പോകാൻ പറ്റിയില്ല. എന്നാൽ കഴിഞ്ഞ ഒരു ദിവസം പോയിരുന്നെങ്കിലും ആരെയും കാണാൻ സാധിച്ചില്ല. എങ്കിലും ഇതിനെ സംബന്ധിച്ചു് നിയമസഭയുടെ എല്ലാഭാഗത്തുമുള്ള മെമ്പറന്മാരുടെ ഉൽകണ്ഠ കണക്കിലെടുത്തുകൊണ്ടു് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണു്.

ശ്രീ. ബി. മാധവൻ നായർ: കമ്മീഷൻ റിപ്പോർട്ടിൽ, മാഷാ സ്റ്റേറ്റുകൾ രൂപീകരിക്കുന്ന സമയത്തു് ഈ പ്രദേശങ്ങൾ ഭൂമിശാസ്ത്രപരമായും ഭാഷാപരമായും കേരളത്തോടുചേരേണ്ട ഭാഗമാണെന്നു പറഞ്ഞിട്ടുണ്ടു്. എന്നാൽ ആ പ്രദേശങ്ങൾ ഇന്നോളം കേരളത്തിനു കിട്ടിയിട്ടില്ല. ഇന്നത്തെ അവിടത്തെ സ്ഥിതിഗതികളെല്ലാം പരിശോധിച്ചു് ആ ഭാഗങ്ങൾ കേരളത്തോടു ചേർത്തുകിട്ടാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ശ്രീമതി കെ. ആർ. ഗൗരി: പുതുതായി നിയമിച്ച കമ്മീഷനെത്തന്നെ സംസ്ഥാനഗവണ്മെന്റു് എതിർത്തിരിക്കുകയാണു്. മുമ്പു് സെറ്റിൽ ചെയ്തതാണു് അതു് ഇനി ഇളക്കിക്കൂടാ എന്നാണു് ഗവണ്മെന്റിന്റെ അഭിപ്രായം.

ശങ്കരൻ കമ്മീഷൻ റിപ്പോർട്ടു്

* 236 (840) ശ്രീ. എ. എസ്സു്, പുരുഷോത്തമൻ: തഴെ കാണുന്ന ചോദ്യങ്ങൾക്കു് കൃഷിയും വിദ്യുച്ഛക്തിയും മന്ത്രി സഭയം മറുപടി നൽകുമോ:

(എ) ഇലക്ട്രിസിറ്റി ബോർഡിനെക്കുറിച്ചുള്ള ജസ്റ്റീസു് ശ്രീ. ശങ്കരൻ കമ്മീഷന്റെ റിപ്പോർട്ടിനെ അടിസ്ഥാനപ്പെടുത്തി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇത്ര കാലതാമസം ഉണ്ടാകുന്നതിന്റെ കാരണം എന്താണെന്നു് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly